# കണ്യാർകളിയുടെ സാംസ്കാരികപാഠങ്ങൾ

ആമുഖം

കേരളത്തിന്റെ സാംസ്കാരികസ്വത്വത്തെ അടയാളപ്പെടുത്തുന്ന ഫോക്ലോറിനെ പ്രാന്തവത്കരിച്ചുകൊണ്ട് സാഹിത്യത്തിനും കലകൾക്കും തനിമ അവകാശപ്പെടാനാവില്ല. എന്നാൽ നമ്മുടെ സാംസ്കാരികഅടിത്തറയുടെവേരുകൾ എന്ന് നാം അവകാശപ്പെടുന്ന നാടോടികലകളും നാട്ടാചാരങ്ങളും ഉത്സവങ്ങളും പരിപാലിക്കുന്നതിൽ മുൻകൈയെടുക്കേണ്ട മുഖ്യധാരാപ്രസ്ഥാനങ്ങളടക്കം പിന്നോക്കം പോവുകയാണ്.

അവതരണകലയായ കണ്യാർകളിയെ സംസ്കാരപഠനത്തിന്റെ ഉപാധിയായ ചിഹ്നവിജ്ഞാനീയത്തിലൂടെ വിശകലനം ചെയ്യുന്നു. സാംസ്കാരികമണ്ഡലത്തിൽ വാക്ക് ഉൽപ്പാദിപ്പിക്കുന്ന വലിയൊരു തലമുണ്ട്. ഓരോ വാക്കും ചിഹ്നമായി മാറുമ്പോൾ അതിൽ ഉളവാകുന്ന വൈവിദ്ധ്യതലങ്ങൾ ഏറെയാണ്. ചിഹ്നങ്ങൾ ആശയവിനിമയക്ഷമമാകുന്നതെങ്ങനെയെന്നും ചിഹ്നങ്ങൾ ഏതൊക്കെവിധത്തിൽ രൂപപ്പെടുന്നുവെന്നും

അർത്ഥോല്പാദനം സാധ്യമാക്കുന്നതും സാമൂഹികപ്രയോഗങ്ങളിൽ അവ നിർവ്വഹിക്കുന്നതിന്റെ പങ്ക് വിശകലനം ചെയ്യുന്നു.

കണ്യാർകളി

കേരളത്തിലെ പാലക്കാട് ജില്ലയിലെ ഏതാനും ഗ്രാമങ്ങളിൽ ഒതുങ്ങിനിൽക്കുന്ന അനുഷ്ഠാനകലാരൂപമാണ് കണ്യാർകളി. ബി.സി. രണ്ടാം നൂറ്റാണ്ടുമുതൽ എ.ഡി. ഒന്നുവരെ തമിഴിൽ രചിക്കപ്പെട്ട സംഘകാലകൃതികളിലെ മഹാകാവ്യമായ ചിലപ്പതികാരത്തിലെ നായികയായ കണ്ണകിയെ അനുസ്മരിക്കുന്നു. കേരളക്കരയിലെ മഹോദയപുരത്ത് പ്രത്യക്ഷപ്പെട്ട കണ്ണകി, കോവിലനെന്ന വർത്തകപ്രമാണിയെ വിവാഹം കഴിച്ച് ജീവിതം നയിച്ചു. ചിലമ്പുമോഷ്ടാവ് എന്ന് തെറ്റിദ്ധരിച്ച് കോവിലനെ വധശിക്ഷയ്ക്ക് വിധിച്ച പാണ്ഡ്യരാജാവിനേയും അദ്ദേഹത്തിന്റെ മധുരാപുരിയെയും ചുട്ടുചാമ്പലാക്കി. അങ്ങനെ പതിവ്രതാരത്നമായി കണ്ണകി ചിരപ്രതിഷ്ഠനേടി. ഈ മാതാവിനെ സ്തുതിക്കുകയും പ്രീതിപ്പെടുത്തുകയും ചെയ്യുന്ന കളിയാണ് കണ്യാർക്കളി എന്ന് ഐതിഹ്യം. കൂടാതെ കാർഷികോത്സവമായും ബന്ധപ്പെടുത്തി പറയുന്നുണ്ട്.

സാമുദായികകലയായ സംഘക്കളി പതിമൂന്നാം നൂറ്റാണ്ടിൽ സാമൂതിരിയുടെ കാലഘട്ടത്തിൽ വള്ളുവനാട്ടിൽ നിന്നും നെടുംപുറൈ നാട്ടിലേക്കു ചേക്കേറി. പെരുമാളുടെ കാലത്ത് വേദപ്രാമാണ്യത്തിനായി ബ്രാഹ്മണരും ബൗദ്ധരും മതവാദപ്രതിവാദം നടത്തുകയും അതിൽ ബ്രാഹ്മണർ വിജയിക്കുകയും വിജയത്തിൽ സന്തോഷംപൂണ്ട നമ്പൂതിരിമാർ ക്ഷേത്രത്തിൽ പോയി സംഗീതം, വാദ്യം, ഹാസ്യാവിഷ്കാരം എന്നിവ ഉൾക്കൊണ്ട് കളി നടത്തി. ഇത് സംഘക്കളി എന്ന പാങ്കേകളിയായും പിന്നീട് കണ്യാർകളിയായും രൂപാന്തരം പ്രാപിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വള്ളുവനാടൻ നമ്പൂതിരി സാമുദായികകലയായ സംഘക്കളി പാലക്കാടൻ സാമൂഹ്യകലയായ കണ്യാർകളിയുടെ വഴികാട്ടിയാണെന്നും അഭിപ്രായമുണ്ട്.

സംഘക്കളിയും കണ്യാർകളിയും താരതമ്യം ചെയ്യുമ്പോൾ ചില സാമ്യങ്ങൾ കാണാവുന്നതാണ്.

| *സംഘക്കളി* | *കണ്യാർകളി* |
|---|---|
| അനുഷ്ഠാനഭാഗം | അനുഷ്ഠാനഭാഗം |
| കേളികൊട്ട് | സന്ധ്യാകേളി |
| പന്തൽകേളി | |
| ദീപപ്രദക്ഷിണം | ദീപപ്രദക്ഷിണം |
| നടവട്ടം | നടവട്ടം |

| | |
|---|---|
| പാന | ഗണപതിസ്തുതി |
| നാലുപാദം | ദേവസ്തുതി |
| വട്ടമിരുപ്പുകളി | ദേവീസ്തുതി |
| വിനോദഭാഗം | വിനോദഭാഗം |
| കയ്യൾ വരവ് | ഇട്ടിക്കണ്ടപ്പൻവരവ് |
| കുറത്തിയാട്ടം | കുറത്തിപുറാട്ട് |
| ആയുധമെടുപ്പ് | പരിചമുട്ടുകളി, കോൽക്കളി |
| പൊലിപ്പാട്ട് | വടിത്തല്ല് |
| പൊലിക്കൽ | പൊലിപ്പാട്ട് |

പൊലിക്കൽ

മീനമേടമാസങ്ങളിൽ ഭഗവതി കാവുകളിലും ദേവീക്ഷേത്രങ്ങളിലുമാണ് കളി നടക്കുന്നത്. കണ്യാർകളിക്ക് രണ്ടുഭാഗങ്ങളാണുള്ളത്. ആദ്യത്തേത് വട്ടക്കളി. അനുഷ്ഠാനപരമായ ഈ കളിക്ക് വേഷവിധാനങ്ങൾ അധികം ആവശ്യമില്ല. രണ്ടാംഭാഗം പുറാട്ട്. കാണികളെ രസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. കളി അവതരിപ്പിക്കുന്ന സമയം രാത്രി എട്ടുമണി മുതൽ രാവിലെ ആറുമണിവരെയാണ്. മൂന്നോ നാലോ ദിവസങ്ങളിലാണ് കളി നടക്കുന്നത്. മൂന്നു ദിവസത്തെ പരിപാടിക്ക് ആണ്ടികൂത്ത്, വള്ളോൻ, മലമ എന്നിങ്ങനെയും നാലുദിവസത്തെ കളിക്ക് പൊന്നാന, ആണ്ടിക്കൂത്ത്, വള്ളോൻ, മലമ എന്നിങ്ങനെയുമാണ് അറിയപ്പെടുന്നത്. ചില പ്രദേശങ്ങളിൽ ഈ കളി പൊറാട്ടുവേഷങ്ങളുടെ പേരിൽ അറിയപ്പെടുന്നു. പാലക്കാട് ജില്ലയുടെ കിഴക്കൻ പ്രദേശമായ ആലത്തൂർ, കാക്കയൂർ, കുഴൽമന്ദം, കിഴക്കഞ്ചേരി, കുനിശ്ശേരി, ചിറ്റൂർ, കൊല്ലങ്കോട്, കൊടുവായൂർ, നെന്മാറ, പല്ലശ്ശന, വടക്കഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കണ്യാർകളി ആഘോഷപൂർവ്വം നടത്തിവരുന്നു.

കളികുമ്പിടൽ

ഉത്തരായനരാവുകളിൽ ക്ഷേത്രസന്നിധിയിൽ കത്തിച്ചുവെച്ച ദീപത്തിന്റെ ചുറ്റും പ്രദക്ഷിണം ചെയ്യുന്നതിന്റെ ആരംഭമാണ് കളികുമ്പിടൽ എന്ന പ്രധാന ചടങ്ങ്. ജ്ഞാനപ്രതീകമായ വിളക്കിനെ സ്തുതിച്ച് ഗണപതി, സരസ്വതി, സുബ്രഹ്മണ്യൻ, വിഷ്ണു, ലക്ഷ്മി, ശിവൻ, പാർവ്വതി എന്നീ ദൈവങ്ങളെ വന്ദിച്ച് ഗുരുവിനേയും നമിക്കുന്നു.

കളികുമ്പിട്ടശേഷം കണ്യാർകളി അരങ്ങേറുന്നതുവരെ എല്ലാ ദിവസവും രാത്രി കളിയഭ്യാസത്തിനുമുമ്പ് ഒമ്പതുവട്ടം വട്ടക്കളി

പതിവാണ്. ഓരോ വട്ടവും വ്യത്യസ്തതാളങ്ങളിലും ചുവടുവെപ്പിലുമായി ദേവീദേവന്മാരെ സ്തുതിച്ചും അവതരിപ്പിക്കുന്നു. മുൻകാലങ്ങളിൽ അറുപത്തിനാല് വട്ടങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അതിന്റെ എണ്ണം നാമമാത്രമായി ചുരുങ്ങിക്കൊണ്ടുവരുന്നു.

കളിപന്തൽ

സാധാരണയായി മകരക്കൊയ്ത്തുകഴിഞ്ഞ് മേടമാസത്തിൽ വിളയിറക്കുന്നതിനുമുമ്പുള്ള ഇടവേളയിലെ ഉത്തരായനരാവുകളിൽ, ക്ഷേത്രസന്നിധിയിലോ പൊതുസ്ഥലത്തുവെച്ചോ ദൈവാനുഗ്രഹത്തിനായി, ഭക്തിപുരസ്സരം കളി അവതരിപ്പിച്ചുവരുന്നു.

ഭഗവതിയുടെ തിരുമുറ്റത്തെ കണ്യാർകളി പന്തലിന് തച്ചുശാസ്ത്രവിധി അനുസരിച്ച് ആകെ ചുറ്റളവ് ആശാരി കോലിന് നാൽപതു കോൽ വിരൽ വേണം. പന്തൽ സമചതുരമാണ്. ദേശത്തെ അംഗസംഖ്യക്കനുസരിച്ച് പന്തൽവിസ്താരം കൂട്ടണമെങ്കിൽ നാൽപത്തിയഞ്ച് കോൽ പതിനാറു വിരൽവരെ സമചതുരമാവാമെന്നും മുളയുടെ കൈവരി മെയ്‌വണ്ണത്തിൽ ആറരകോൽ നീളത്തിൽ നൂറ്റിയൊന്ന് എണ്ണം പന്തലിന് മുകളിൽ നിരത്തണം. നൂറ്റമ്പത്തൊന്നുവരെയും കൈവരി നിരത്തുന്ന സ്ഥലങ്ങളുണ്ട്.

തട്ടുവരിക്ക് മൂന്നരകോൽ നീളൻ, അമ്പത് അലക്ക്, ഒന്നരകോൽ നീളത്തിൽ മൂന്നു കമുകിൻ പോതിക, കെട്ടിവരിയുവാൻ ഇരുപത് റാത്തൽ മണിചൂടി ഇതെല്ലാം അവകാശികളായ ആശാരിമാരുടെ കണക്കാണ്. ഒമ്പതുകാൽ സമചതുരപന്തലിന് എട്ടു കാലുകളെ അഷ്ടവസുക്കളായും ഒമ്പതാമത്തെ കാലിനെ ഭഗവതിക്കാലായും സങ്കല്പിക്കുന്നു. ഭഗവതിക്കാലിനുചുറ്റും ഉൾപ്പന്തലുണ്ട്. ഇതിനുപുറമെ നടപ്പന്തലും നിർമ്മിച്ചിട്ടുണ്ട്. പന്തലിൽ കളികൊന്നപ്പൂകൊണ്ടും കുരുത്തോലകൾകൊണ്ടും അലങ്കരിച്ച്, ചുറ്റും ത്തുക്കവിളക്കുകൊണ്ട് വെളിച്ചം പകർന്ന്, പുണ്യാഹം തളിച്ച് പരിശുദ്ധമാക്കിയ സ്ഥലത്താണ് ഈ കല പ്രദർശിപ്പിക്കുന്നത്. പന്തലിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന കളിവിളക്കിന്റെ നാളം നല്ലതുപോലെ കത്തുന്നതിനും വായുസഞ്ചാരത്തിനും വേണ്ടി നടുവിലെ പന്തൽക്കാലിന്റെ മുകൾഭാഗം മൂടാതെ തുറന്നുവെയ്ക്കുന്നു.

പന്തൽനിർമ്മാണത്തിൽ കാലുകൾ നാട്ടുന്നത് ആശാരിമാരാണ്. പന്തൽ നിർമ്മാണത്തിൽ മാത്രമല്ല തൊഴിലിന്റെ അടിസ്ഥാനത്തിൽ

കളി അവസാനംവരെ ഓരോ സമുദായക്കാർക്കും പ്രത്യേകം ചുമതലകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പന്തലിൽ പനങ്കുമ്പ് സ്ഥാപിക്കുന്നത് ഈഴവവിഭാഗമാണ്. പന്തൽ വൃത്തിയോടെ സംരക്ഷിക്കേണ്ട ചുമതല തണ്ടാൻ സമുദായക്കാർക്കാണ്. പന്തലിലേക്ക് ആവശ്യമുള്ള മുള തുടങ്ങിയ സാധനങ്ങൾ എത്തിക്കേണ്ടത് പാക്കനാരുടെ കടമയാണ്. പന്തൽ കാലുകളിലെ വിളക്കുകൾ പുലരുവോളം കെടാതെ സൂക്ഷിക്കേണ്ടത് തണ്ടാൻ സമുദായക്കാരാണ്.

കേളികൊട്ട്

കളി അരങ്ങേറുന്ന ദിവസങ്ങളിൽ സന്ധ്യാസമയത്ത് കളിപന്തലിൽ ചെണ്ട, മദ്ദളം, ഇലത്താളം, ചേങ്ങില തുടങ്ങിയ വാദ്യങ്ങൾ ഉപയോഗിച്ചുള്ള കേളികൊട്ടുസമ്പ്രദായമുണ്ട്. കേളി കഴിഞ്ഞുള്ള കുറുങ്കുഴൽ വായനയ്ക്ക് കുഴൽപ്പറ്റ് എന്നുപറയുന്നു. സമീപവാസികളെ കണ്യാർകളി അരങ്ങേറുന്ന വാർത്ത അറിയിക്കാനുള്ള സംവിധാനമായുള്ള ചടങ്ങാണിത്. ഇതിനെ സന്ധ്യാകേളിയെന്നാണ് പറയുന്നത്. അതേപോലെതന്നെ രാത്രിയിലും കളി തുടങ്ങുന്നിതിനുമുമ്പ് കേളികൊട്ടുന്ന സമ്പ്രദായമാണ് പന്തൽകേളി.

വട്ടക്കളി

ഓരോ ചടങ്ങും തുടങ്ങുമ്പോഴും കഴിയുമ്പോഴും കതനവെടിയും വെടിക്കെട്ടും നിർബ്ബന്ധമാണ്. വെളിച്ചപ്പാടിന്റെ കല്പനയും അനുഗ്രഹവും കഴിഞ്ഞാൽപ്പിന്നെ കണ്ണ്യാർകളിയിലെ വട്ടക്കളി പുറപ്പെടുകയായി. പാവുമുണ്ട്, കസവുമുണ്ട്, പട്ട് തുടങ്ങിയവ ധരിച്ച് ഓരോ പദവും പാടി മൂന്നുവട്ടം വീതം കളിയും കലാശവും കളിക്കുന്നു.

ആണ്ടിക്കൂത്ത്

ഇതിൽ തപസ്വി വേഷത്തിനാണ് പ്രാമുഖ്യം. സുബ്രഹ്മണ്യസ്തുതി പാടി തപസ്വിവേഷം കാഴ്ചവെയ്ക്കുമ്പോൾ മറ്റു ചിലയിടങ്ങളിൽ ദേവീസ്തുതി പാടി പൂശാരി പുറാട്ട് അവതരിപ്പിക്കുന്നു. ഭക്തിയാണ് പ്രധാനം.

വള്ളോൻ

രണ്ടാംദിവസത്തെ കളിയ്ക്കു വള്ളോൻ എന്നാണ് വിളിയ്ക്കുന്നത്. പല്ലവരാജാക്കന്മാരുടെ കാലത്ത് പൂജാദികർമ്മങ്ങൾ ചെയ്യുന്ന പുരോഹിതന്മാരാണ് വള്ളോന്മാർ. ഇവർക്കാണ് രണ്ടാംദിവസത്തെ കളിയിൽ പ്രാധാന്യം നൽകുന്നത്.

അദ്ധ്യാത്മികതത്വങ്ങൾ ഈ കളിയിൽ കാണാം.

'ആദിയാദി ആദിയേ ആദിതാൻ
ആദിപെറ്റൊരമ്പലവും ഒന്റുതാൻ'

വേദതത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ചോദ്യോത്തരങ്ങളാണ് ഈ ഭാഗത്തുള്ളത്.

മലമക്കളി

മലമവേഷം പ്രധാനമായ മൂന്നാംദിവസത്തെ കളിയാണ് ജന്മിത്വം നിലവിലുണ്ടായിരുന്ന കാലത്തെ സാമൂഹ്യവ്യവസ്ഥിതി മലയർ ജന്മിയ്ക്ക് കാഴ്ചവസ്തുക്കൾ സമർപ്പിക്കുന്ന സമ്പ്രദായം അവതരിപ്പിക്കുന്നു.

പുറാട്ട്

പുറാട്ടുകൾ രണ്ടുതരമുണ്ട്. രാജാപുറാട്ടും കരിപുറാട്ടും. രാജാപുറാട്ടിൽ കസവുള്ളതോ നിറമുള്ളതോ ആയ തലപ്പാവ്, ദുപ്പട്ട, കഴുത്താരം, കൈത്താരം, കയ്യലക്, ചിലങ്ക മുതലായവ. കരിപുറാട്ടിൽ കറുത്തകരയുള്ള തലപ്പാവ്, എറാപ്പ്, കറുത്ത ട്രൗസർ, കല്ലുമാല, കച്ച, കുറവടി മുതലായവ

ചെറുമൻ, ചെറുമി, ആണ്ടി, കുറത്തി, കുറവൻ, മണ്ണാൻ, മണ്ണാത്തി, പൂശാരി, ചക്കിലിൽ, പറയൻ, മലയൻ എന്നിങ്ങനെ അനേകം വേഷങ്ങളാണുള്ളത്.

വിരുത്തം

ഏതു പൊറാട്ടാണ് കളിപ്പന്തലിലൂടെ പ്രവേശിക്കുന്നത് എന്നത് വിരുത്തത്തിലൂടെയാണ് കാണികളിൽ എത്തിക്കുന്നത്.

വാണാക്ക്

പൊറാട്ടുവേഷങ്ങളെ ചോദ്യം ചെയ്യുന്നതും അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതും വാണാക്കുകളാണ്. സംസ്കൃതനാടകങ്ങളിലെ വിദൂഷകനുള്ള സ്ഥാനമാണ് കണ്യാർകളിയിൽ വാണാക്കിനുള്ളത്.

പൂവാരൽ

നാലുദിവസം കളികഴിഞ്ഞു പന്തലിൽ നിന്ന് നടവട്ടം പാടി അമ്പലത്തിൽ ചെന്നു ദീപപ്രദക്ഷിണം നടത്തി തിരിച്ച് വീണ്ടും പന്തലിൽ

ചെന്ന് ഗണപതിവട്ടം പാടി മംഗളവട്ടം കളിച്ച് പന്തലിൽ തൂക്കിയി ട്ടിരിക്കുന്ന പൂക്കളെടുത്ത് ദീപത്തിൽ സമർപ്പിക്കുന്നതാണ് പൂവാരൽ.

'മനുഷ്യന്റെ ബോധപൂർവ്വമായ അവതരണമാണ് പ്രകടനകല' എന്ന് റിച്ചാർഡ്ഷെഗ്നർ അഭിപ്രായപ്പെടുന്നു. പ്രേക്ഷകനെ ആഹ്ലാദി പ്പിക്കുക, ബോധവൽക്കരിക്കുക, യാഥാർത്ഥ്യബോധമുള്ള വാക്കുകൾ തുടങ്ങിയവ പ്രകടനകലകളുടെ ലക്ഷ്യമാണ്. ഈയൊരർത്ഥത്തിൽ കണ്യാർകളിയും പ്രകടനകലയാണ് എന്നു പറയാവുന്നതാണ്.

സാംസ്കാരികചിഹ്നങ്ങൾ

കണ്യാർകളിയിൽനിന്നും ഒളിഞ്ഞു കിടക്കുന്ന ഒട്ടേറെ സാമൂഹിക പ്രശ്നങ്ങൾ കണ്ടെടുക്കാനാവും. ഓരോ തരത്തിലാണ് സാമൂഹികവിഷ യങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത് അവ നൽകുന്ന ആശയവിനിമ യത്തിന്റെ ലോകം വലുതാണ്. ഈ ആശയവിനിമയം തന്നെയാണ് ചിഹ്നപഠനത്തിന്റെ പരിധിയിൽ വരുന്നത്. ഇവിടെ വാക്കുകൾ, പ്രതീകങ്ങൾ, ശബ്ദങ്ങൾ, അംഗവിക്ഷേപങ്ങൾ തുടങ്ങിയ വൈവിദ്ധ്യ മാർന്ന കാഴ്ചകളുടെ പ്രത്യയശാസ്ത്രമാണ് മുന്നോട്ടുവയ്ക്കുന്നത്.

കാർഷികസംസ്കാരവും പ്രകൃതികനിഞ്ഞ തുറസ്സായ ഭൂമികയും അമ്മൻ വിശ്വാസങ്ങളും സമന്വയിപ്പിച്ച് പുതിയ ഉൾക്കാഴ്ചാ ചിഹ്നങ്ങൾ കളി വിളംബരം ചെയ്യുന്നു. പന്തീരാംവടിത്തില്ലിന്റെയും ചക്രം ചവിട്ടു കല്ലുകളുടേയും കപ്പപ്പാട്ടിന്റേയും ആട്ടിവട്ടത്തിന്റെയും ഈണങ്ങളും ശീലങ്ങളും ദേശമന്നവുമെല്ലാം സാംസ്കാരികചരിത്രത്തിനുതകുന്ന ജ്ഞാ നവ്യവഹാരങ്ങളാണ് നിർമ്മിക്കുന്നത്.

നാടോടികലാരൂപമായ കണ്യാർകളിയിൽ ഒരു ദേശീസമൂഹത്തി ന്റെ ആശയാഭിലാഷങ്ങളും ജീവിതവീക്ഷണങ്ങളും അടയാളപ്പെടുത്തു ന്നു. മാത്രമല്ല, ബഹുസാംസ്കാരികതയുടെ സന്തുലിതാവസ്ഥയിൽ നില കൊള്ളുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

തമിഴ് സംസ്കാരവും മലയാളസംസ്കാരവും കൂടിച്ചേർന്നു കിടക്കുന്ന കലാരൂപത്തിൽ നിന്നുകിട്ടുന്ന പാഠാന്തരങ്ങളാണ് ഇവ മുന്നോട്ടുവ യ്ക്കുന്നത്.

മദ്രാസ് ഗവൺമെന്റിന്റെ കീഴിലുണ്ടായിരുന്ന പാലക്കാട് കേര ളത്തിന് കൈമാറുകയും കേരളത്തിലെ കന്യാകുമാരി തമിഴ്നാടിന് നൽകുകയും ചെയ്തതിൽ കൊട്ടുക്കൽ വാങ്ങലിന്റെ രൂപരേഖ കാണാ വുന്നതാണ്.

സ്വന്തം നിലനിൽപിനുവേണ്ടി പ്രതികൂലസാഹചര്യങ്ങളോട് ഇണങ്ങിയും പിണങ്ങിയും പോരടിച്ചും സന്ധിചെയ്തും വളർത്തിയെടുത്ത സാംസ്കാരികമായ അവശേഷിപ്പുകൾ നിരാലംബരായ ഒരു ജനസമൂഹം അതതുകാലത്തെ മനുഷ്യാവസ്ഥയോട് കാലഘട്ടങ്ങളിലൂടെ പ്രതികരിച്ചതിന്റെ വായ്മൊഴിരൂപങ്ങൾ പൊറാട്ടുകളിൽ വ്യക്തമാകുന്നു.

സമൂഹത്തിന്റെ വികാരമാണ് പൊറാട്ടുകളിൽ പ്രതിഫലിക്കുന്നത്. പ്രകടനകലയുടെ സവിശേഷഘടകങ്ങളായ നടൻ, സദസ്സ്, അരങ്ങ് തുടങ്ങിയവ കണ്യാർകളിയിലെ പൊറാട്ടുനാടകങ്ങളിൽ ഉൾക്കൊള്ളുന്നുണ്ട്.

ഒറ്റ പൊറാട്ടുകളിൽ വേദാന്തവുംദാർശനികവുമായ കാഴ്ചപ്പാടുകൾ കാണാൻ കഴിയും. വ്യക്തിപരിവർത്തനത്തിലേയ്ക്കും സാമൂഹികോന്നമനത്തിലേയ്ക്കുമുള്ള ചുവടുവെപ്പുകളാണ് ഇവ വെളിപ്പെടുത്തുന്നത്.

"ഓംകാരം പടൈത്തരൊരു ബ്രഹ്മൻതാൻ...
മൂലാധാരം പടൈത്തൊരു ബ്രഹ്മൻ താൻ...
നാലുവേദം പടൈത്തതൊരു ഈശൻതാൻ..."

ജീവന്റെ ഉത്ഭവവും പ്രപഞ്ചവും അതിൽ രൂപംകൊണ്ട വേദങ്ങളും പ്രേക്ഷകർക്ക് മുന്നിൽ നൃത്തനാട്യത്തോടെ അവതരിപ്പിക്കുന്നു. കലകളിലൂടെ ആനന്ദവും മനുഷ്യമനസ്സിന്റെ പിരിമുറുക്കത്തിന് അയവുകിട്ടുമെന്ന ബോദ്ധ്യവും സമൂഹത്തിൽ പുതിയൊരു അന്തരീക്ഷം സൃഷ്ടിച്ചു.

"ഹിന്ദുമതത്തിന്റേയും ബുദ്ധമതത്തിന്റേയും അനുയായികളായിത്തീർന്നവരാണ് പ്രധാനമായും നായന്മാരായും ഈഴവന്മാരായും തീർന്നത് എന്നുകാണാം. മറ്റുപല ജാതിയുടെ ഉത്ഭവം ഗണത്തിന്റെയും തൊഴിലിന്റേയും അടിസ്ഥാനത്തിൽ സംഘകാലത്തുണ്ടായിരുന്ന വിഭജനത്തിൽ നിന്നാണ് പുലയൻ, പറയൻ, വേട്ടുവൻ, അരയൻ, പാലൻ, ആശാരി, കൊല്ലൻ തുടങ്ങിയ ജാതികളുടെ ഉത്ഭവം. പുലങ്ങളിൽ (പുലം - വിശാലമായ നിലം) ജോലി ചെയ്തിരുന്നവർ, പൊറൈയൻ (കുന്നിന്മേടുകളിൽ താമസിച്ചിരുന്നവർ) ആണ് പറയരായിത്തീർന്നത്. വേട്ടുവൻ വേടനായും മത്സ്യബന്ധനത്താൽ അരയനായും തീർന്നു. ആശാരിപണിചെയ്തിരുന്നവർ തച്ചന്മാരും ഇരുമ്പായുധങ്ങൾ നിർമ്മിച്ചവർ കൊല്ലന്മാരായും തീർന്നതായി പരാമർശമുണ്ട്. ബ്രാഹ്മണാധിപത്യം സ്ഥാപിക്കുന്നതിന് കൂട്ടുനിൽക്കാതെ മാറിനിന്നതുകൊണ്ട് ഇവരെയെല്ലാം

അവർണ്ണരായി തരംതാഴ്ത്തി. സാമ്പത്തിക സ്ഥിതിഭേദം അനുസരിച്ച് ഉയർച്ചത്താഴ്ച നിശ്ചയിച്ചു." (പി.കെ. ഗോപാലകൃഷ്ണൻ, 1974, പുറം. 294) എന്നത് ശ്രദ്ധേയമാണ്.

കൂട്ടായ്മയേയും സാമുദായിക ഐക്യത്തേയും അടിസ്ഥാനമാക്കുമ്പോൾ കളിയുടെ വിവിധ ഭാഗങ്ങൾ ഗണത്തിന്റെയും തൊഴിലടിസ്ഥാനത്തിന്റെയും ചുമതലകൾ ഏർപ്പെടുത്തുക എന്നത് ജാതിവ്യവസ്ഥയെ പരിക്കുകളില്ലാതെ നിലനിർത്തുന്ന അധികാരബലതന്ത്രങ്ങളാണ് എന്നുകാണാം. എല്ലാ വിഭാഗങ്ങൾക്കും അർഹിക്കുന്ന പങ്കാളിത്തം നൽകിക്കൊണ്ടുതന്നെ നിങ്ങളും വ്യവസ്ഥയുടെ ഭാഗമാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. ആധിപത്യം നേടുന്ന ആശയധാരണകൾക്കകത്ത് അധികാരവിരുദ്ധതയുടേയും അംശങ്ങൾ പൊറാട്ടുകളിൽനിന്നും കണ്ടെടുക്കാനാകും എന്നതും പ്രത്യേകം പരാമർശിക്കേണ്ടതാണ്.

വേട്ടുകണക്കൻ എന്ന പുറാട്ടിൽ, താണ്ഡവനൃത്തത്തിലുള്ളതും ദ്രുതഗതിയിലുള്ളതുമായ ചുവടുകളും താളങ്ങളും ആയോധനകലയെ അനുസ്മരിപ്പിക്കുന്നു. ഈ ഭാഗങ്ങളിലെ പാട്ടുകളെല്ലാം തന്നെ പ്രകൃതിയെപ്പറ്റിയും കൃഷിയെപ്പറ്റിയും പക്ഷിമൃഗാദികളെപ്പറ്റിയും അവരുടെ രാജാവിനെപ്പറ്റിയും കലവറയെപ്പറ്റിയുമാണ്. പ്രകൃതിയും മനുഷ്യനും ഇണങ്ങിയുള്ള ജീവിതശൈലിയാണ് ഇതിലൂടെ ആവിഷ്കരിക്കുന്നത്.

വഴിപോക്കൻ എന്ന ഭാഗത്തിൽ ഓണത്തെപ്പരാമർശിക്കുന്നു.

വണാക്ക് : 'ഒന്നാംതിയതി ശങ്കരാന്തി ഇല്ലംനിറ പുത്തരി' ഇതിൽ ഓണാഘോഷത്തിന്റെ സൂചനകൾ കാണാം. മധുരയിൽ തിരുവോണം ആഘോഷിച്ചിരുന്നതായി മധുരൈക്കാഞ്ചിയിൽ പറഞ്ഞിരിക്കുന്നു. കേരളത്തിലും അന്ന് തിരുവോണം ആഘോഷിച്ചിരുന്നു (പി.കെ. ഗോപാലകൃഷ്ണൻ, 1974, പുറം 180).

ഭക്ഷണസംസ്കാരത്തെ ഈ പുറാട്ടിൽ സൂചിപ്പിക്കുന്നുണ്ട്. എലിശ്ശേരി, പുളിശ്ശേരി, ചെമ്മീൻ, മാംസക്കറികൾ, മാംസഭക്ഷണം എന്നിവ. മാംസഭക്ഷണം കഴിക്കുന്നവർക്ക് ദേവാലയങ്ങളിൽ പ്രവേശനം നിഷിദ്ധമായിരുന്നു. ഭക്ഷണസംസ്കാരവുമായി ബന്ധപ്പെട്ട് ഉന്നയിക്കുന്ന വിമർശനങ്ങളും പരാമർശങ്ങളും ഇതിൽ വ്യക്തമാണ്.

"മീനെണ്ണ വെള്ളപട്ടരിനായക്ക്
വെള്ളച്ചോറും പട്ടിയും കൂടാതെ കഴിയില്ല"

ധാരാളം തനിനാടൻപദങ്ങൾ പാട്ടുകളിൽ കാണാൻ കഴിയും. അവ വീർപ്പുമുട്ടുന്ന ജനതയുടെ പൊള്ളിക്കുന്നതും രൂക്ഷമായതുമായ സാമൂഹ്യ പ്രശ്നങ്ങൾ രസകരമായി അനാവരണം ചെയ്യുന്നു.

മനുഷ്യനുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രശ്നങ്ങൾ, വൈകാരികതകൾ, സ്ത്രീപുരുഷബന്ധങ്ങൾ, വഴക്കുകൾ, തർക്കങ്ങൾ, ലൈംഗികചൂഷണങ്ങൾ, ബഹുഭാര്യാത്വം തുടങ്ങി ആശയസംവേദനമാണ് പൊറാട്ടുകളിൽ അവതരിപ്പിക്കുന്നത്.

തമിഴ്നാട്ടിലെ കാശി, കുംഭകോണം, മായാപുരം, ശീതംബരം, അവനാശി, പഴനി തുടങ്ങിയ സ്ഥലങ്ങളെക്കുറിച്ച് ഈ പാട്ടുകളിൽ സൂചന ലഭിക്കുന്നു. ഈ പാട്ട് സ്ഥല-കാല-തൊഴിൽ-ചരിത്ര ചിഹ്നങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

നാടകീയത എന്ന അവസ്ഥ ദ്വന്ദ്വാത്മകതയിലും നാനാത്വത്തിലും സംഘട്ടനത്തിലും സഹകരണത്തിലും സംയോജനത്തിലും നിലകൊള്ളുന്നു. ഇതിന്റെ ഭൗതികം, വൈകാരികം, മാനസികം, സാമുദായികം, സാമ്പത്തികം, രാഷ്ട്രീയം, ലാവണ്യാത്മകം എന്നീ ഘടകങ്ങൾ ചേരുമ്പോഴുണ്ടാകുന്ന സമഗ്രാന്തരീക്ഷത്തിന്റെ പ്രാധാന്യം കളി വിളിച്ചോതുന്നു. ഈ പരിവർത്തനം കളിയുടെ നാടകീയചിഹ്നങ്ങൾ ബലപ്പെടുത്തുകയാണ്.

## ഉപസംഹാരം

ബഹുസാംസ്കാരികതയുടെ ഉറവിടമായി വർത്തിക്കുന്ന കണ്യാർകളിയുടെ സാംസ്കാരികപാഠങ്ങളും പാഠാന്തരങ്ങളും നിർമ്മിക്കുന്ന മേഖല ഗൗരവമുള്ളതും വലുപ്പമേറിയതുമാണ്. സമകാലികതയിൽ ഈ കലാരൂപം പല പരിണാമത്തിനും വിധേയമായിട്ടുണ്ട്. അനുഷ്ഠാനപരമായ കളിയുടെ അരങ്ങിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്നില്ല. എന്നാൽ ടൂറിസം മേഖലയുമായും മറ്റ് സാംസ്കാരിക മേഖലയുമായും ബന്ധപ്പെട്ട കലാപരിപാടികളിലാണ് സ്ത്രീകളെ ഉൾപ്പെടുത്തുന്നത്. ഇത്തരം വേദികളിൽ കളിയുടെ സമയം ഒന്നോ രണ്ടോ മണിക്കൂറിലൊതുക്കി അനുഷ്ഠാനപരമായ ഭാഗങ്ങൾ ഒഴിവാക്കി പൊറാട്ടുകൾമാത്രം അവതരിപ്പിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. കളിയിലേക്ക് കടന്നുവന്ന പൊറാട്ടുകളുടെ എണ്ണം കൂടിവരുന്നതാണെന്ന വിമർശനം ഉൾക്കൊള്ളേണ്ടതുണ്ട്.

ആയോധനാ കലാപാരമ്പര്യം അവകാശപ്പെടുന്ന കളിക്ക് ഇന്ന് അഭ്യസനത്തിന് കുറച്ചുദിവസം മുമ്പുമാത്രമേ അത്തരം ചടങ്ങിൽ ഏർപ്പെടുന്നുള്ളൂ. ആധുനികത മുന്നോട്ടുവയ്ക്കുന്ന മാനേജ്മെന്റ് തലത്തിലെ ലീഡർഷിപ്പ്, പഴ്സനാലിറ്റി ഡവലപ്പ്മെന്റ്, ക്രൈസിസ് മാനേജ്മെന്റ്, ഫ്ലോർ മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് എന്നീ ആശയങ്ങൾ പൊറാട്ടുകളിൽ കാണാം.

കലാകാരന്റെ മാനസികശേഷിയും ആശയവിനിമയശേഷിയും വർദ്ധിപ്പിക്കുന്ന വണാക്കകാരൻ പറയാതെപറയുന്ന വാക്ക് പാരാ ലാംഗ്വേജ്, ബോഡി ലാംഗ്വേജ് തുടങ്ങി ഭാഷയെക്കുറിച്ചുള്ള സൂചനകൾ, ആദ്യകാലങ്ങളിൽ തന്നെ കണ്യാർകളി എന്ന നാടൻകലാരൂപത്തിൽ ആവിഷ്കരിച്ചുകാണുന്നതിലൂടെ ഇത് പഠനത്തിന്റെ തുടർസാധ്യതയെയും തുറന്നിടുന്നു.

ധനുഷ സി.എം.

ഗവേഷക, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ.
Email: dhanushacm@gmail.com